**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 113** **27-06-2022 - ൽ മറുപടിയ്ക്ക്**

**സൈബർ ക്രൈമുകൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൈബർ ക്രൈമുകൾ നിയന്ത്രിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് വലിയ രീതിയിൽ സൈബർ ക്രൈമുകൾ നടത്തുന്നതിനെ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും വേണ്ടി ഏഷ്യയിലെ തന്നെ ആദ്യമായി പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ നൂതന സംരംഭമാണ് കേരള പോലീസ് സൈബർ ഡോം. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ച വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CCPW Project. ഇതിന്റെ ഭാഗമായി കേരളാ പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൈബർ കേസുകളുടെ അന്വേഷണത്തി നായി എല്ലാ പോലീസ് ജില്ലകളിലും ( കണ്ണൂർ റൂറൽ പോലീസ് ജില്ല ഒഴികെ ) സൈബർ പോലിസ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഈ മേഖലകളിൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങളെ ഗൗരവത്തോടെ കാണുന്നതും കുറ്റകാർക്കെതിരെ നിലവിലുള്ള നിയമ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കൃത്യമായ അന്വേഷണം നടത്തി ബന്ധപ്പെട്ട കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് അർഹമായ ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ എത്ര സൈബർ ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര | (ബി) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ 3323 സൈബർ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | കേസുകൾ തെളിയിക്കപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ ; | | ഇതിൽ 1831 കേസുകൾ തെളിയിക്കപ്പെട്ടിട്ടുണ്ട്. 34 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | സൈബർ ക്രൈമുകൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും പോലീസ് സംവിധാനത്തിനുള്ള പരിമിതികൾ പരിശോധിച്ച് അടിയന്തര പരിഹാരനടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | സൈബർ ക്രൈമുകൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തുന്നതിനുമായി സൈബർ മേഖലയിൽ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥർ സൈബർ ഫോറൻസിക് ടൂളുകളുടെ സഹായത്തോടെ സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ അന്വേഷണം നടത്തി വരുന്നത്. C-DAC, C-DIT തുടങ്ങിയ സ്ഥാപനങ്ങളിൽ വച്ചും പോലീസ് ട്രെയിനിംഗ് കോളേജിലും കേരളാ പോലീസ് അക്കാഡമി എന്നിവിടങ്ങളിൽ വച്ചും സൈബർ മേഖലയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിശീലനം നൽകി വരുന്നു |

സെക്ഷൻ ഓഫീസർ